"ഭരണഭാഷ- മാതൃഭാഷ"

## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

## (ഹാജർ : അനുപമ.റ്റി.വി I.A.S )

വിഷയം - വനിത ശിശുവികസന വകുപ്പ് - ജീവനക്കാര്യം - ഹെഡ് അക്കൌണ്ടന്റ് തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റം - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്-

പരാമർശം : 1. വനിത ശിശുവികസന ഡയറക്ടറുടെ 13/10/2020 തിയതിയിലെ WCD-E8/6975/2020 നമ്പർ ഉത്തരവ്.

2. വനിത ശിശുവികസന ഡയറക്ടറുടെ 29/07/2021 തിയതിയിലെ WCD-E7/12232/2020 നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ : WCD-E7/13023/20 തീയതി : 29/07/2021**

വനിതാ ശിശു വികസന വകുപ്പിൽ പരാമർശം(2) ഉത്തരവ് പ്രകാരം ഹെഡ് അക്കൌണ്ടന്റ് തസ്തികയിൽ നിന്നും ശ്രീ. രാജീവൻ.പിക്ക് ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചതു മുഖേന ഒരു ഒഴിവ് ഹെഡ് അക്കൌണ്ടന്റ് തസ്തികയിൽ നിലവിലുണ്ട്. ഈ ഒഴിവിലേയ്ക്ക് പരാമർശം (1) പ്രകാരമുള്ള സീനിയർ ക്ലർക്ക് തസ്തികയിലെ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ (24) ആയ ശ്രീ. അബ്ദുൽ ഹക്കീം റ്റി.ഐ ക്ക് KS&SSR ചട്ടം 28A(i) പ്രകാരം 39300-83000 രൂപ ശമ്പള സ്കെയിലിൽ ഹെഡ് അക്കൌണ്ടന്റ് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ചുവടെ പരാമർശിക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഹെഡ് അക്കൌണ്ടന്റ് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം**

| ക്രമ നം. | പേര്, തസ്തിക, ഇപ്പോൾ ജോലി ചെയ്യുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, കാര്യാലയം |
|---|---|---|
| 1 | ശ്രീ. അബ്ദുൽ ഹക്കീം റ്റി.ഐ<br>സീനിയർ ക്ലർക്ക്<br>ഐ.സി.ഡി.എസ്, കൊല്ലങ്കോട് | ഹെഡ് അക്കൌണ്ടന്റ്<br>ജില്ലാ വനിതാ ശിശുവികസന ഓഫീസ്,<br>കാസർകോഡ് |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരന് ചട്ട പ്രകാരമുള്ള ശമ്പള നിർണ്ണയത്തിനും നിയമാനുസൃത പ്രവേശനകാലത്തിനും യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

2021 ലെ പൊതു സ്ഥലംമാറ്റത്തിനായി വകുപ്പിലെ ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ചിട്ടുണ്ടെങ്കിലും കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഓഫീസുകൾ തുറന്ന് പ്രവർത്തിക്കുന്നതിന് തടസ്സം നേരിട്ടതിനാൽ സ്ഥലംമാറ്റ നടപടികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പരാമർശിക്കുന്ന പ്രകാരം ഉദ്യോഗക്കയറ്റം നൽകി ജീവനക്കാരെ നിയമിക്കുന്ന കാര്യാലയങ്ങൾ പൊതു സ്ഥലമാറ്റ നടപടികൾക്കായി ഓപ്പൺ വേക്കൻസിയായി കണക്കാക്കുന്നതും, പൊതു സ്ഥലംമാറ്റം അനുവദിക്കുന്നതിന്റെ ഭാഗമായി ഒഴിവ് വരുന്ന കാര്യാലയങ്ങളിലേയ്ക്ക് ഇപ്പോൾ ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന ജീവനക്കാരെ മാറ്റി നിയമിക്കുന്നതാണ്.

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരനെ ബന്ധപ്പെട്ട കാര്യാലയ മേധാവികൾ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും, ജീവനക്കാരന്റെ വിടുതൽ / പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

(ഒപ്പ്)
**വനിത ശിശുവികസന ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്
പകർപ്പ്:

1. ഡയറക്ടറുടെ സി.എ
2. ബന്ധപ്പെട്ട കാര്യാലയ മേധാവിമാർക്ക്
3. ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്ക്
4. ജില്ലാ പ്രോഗ്രാം ഓഫീസർമാർ
5. ഡയറക്ടറേറ്റിലെ യൂണിറ്റ് ഓഫീസർമാർ
6. E1 മുതൽ E9 വരെ സെക്ഷനുകൾ
7. സ്റ്റോക്ക് ഫയൽ / സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്